(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1932/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

തീയതി. 3.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കൊല്ലയിൽ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ.

പകർപ്പ്:

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1932/2016 തീയതി: 3.12.2016

<u>തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ</u>

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-04-2016മുതൽ 21-10-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 02 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22/10/2016 മുതൽ 31/10/2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു.പി.എസ്,ഓഡിറ്റ് ഓഫീസർ<br>ശ്രീ.അനിൽ കുമാർ.വൈ, സീനിയർഗ്രേഡ്ഓഡിറ്റർ<br>ശ്രീ.കോസലരാമദാസ്, ഓഡിറ്റർ<br>ശ്രീ.സന്തോഷ് കുമാർ.കെ.ഐ,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജു.ജെ | 01-04-2015 മുതൽ 31-10-2015 വരെ |
| | ശ്രീമതി.ലേഖ.വൈ | 01-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.ബാബു.സി | 01-04-2015 മുതൽ 31-03-2016വരെ |

നിർവ്വഹണ ഉദ്യോസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മലർ | 01-04-2015 മുതൽ 31-03-2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ജയന്തി.ആർ.കെ | 01-04-2015 മുതൽ 31-03-2016വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.സന്ധ്യ.എ | 01-04-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ. | ശ്രീ.ശിവകുമാർ | 01-04-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ. | ശ്രീമതി.ശ്രീകല | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽഓഫീസർ. (പി.എച്ച്.സി,) | ഡോ.റീന സത്യൻ | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പുഷ്പകുമാരി.എസ് | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സുരേഷ് കുമാർ | 01-04-2015 മുതൽ 31-03-2016വരെ |
| ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ് .മഞ്ചവിളാകം | ശ്രീമതി.വസന്തകുമാരി | 01-04-2015 മുതൽ 31-03-2016വരെ |
| അസി.എൻജിനീയർ | ശ്രീമതി.രമ്യ. എം | 01-04-2015 മുതൽ 31-03-2016വരെ |

ഉള്ളടക്കം

| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | കെട്ടിട നിർമ്മാണം-റഗുലറൈസേഷൻ -പെർമിറ്റ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് | 2-1 | |
| 13 | മൊബൈൽഫോൺ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല – തനതുഫണ്ടിന് നഷ്ടം | 2-2 | |

| | | | |
|---|---|---|---|
| 14 | തൊഴിൽനികുതി/സ്ഥാപനനികുതി ഈടാക്കുന്നില്ല – വരവിൽ നഷ്ടം | 2-3 | |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | ഗുണഭോക്തൃ സമിതി കൺവീനർ മുഖേനെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ -മാർഗ്ഗരേഖ പാലിച്ചിട്ടില്ല | 3-1 | |
| 16 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം- തുടർ പണികൾ നടത്തി ഉപയോഗ പ്രദമാക്കണം | 3-2 | |
| 17 | ആശ്രയ പദ്ധതി -ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-3 | |
| 18 | ഉണർവ്-പദ്ധതി നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-4 | |
| | ഭാഗം 4 | | |
| 19 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 22 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 24 | ഓഡിറ്റ് റിക്കവറി | 4-6 | |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18-03-2015 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് 14,04,55,128/-രൂപയും ചെലവ് 13,29,98,281/- രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 08.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 22-10-2016 | കെ.എസ്.എ.റ്റി.വി.െ.ജി.പി.2/1932/2016 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 1,66,37,802

വരവ് : 4,15,85,729

ആകെ : 5,82,23,531

ചെലവ് : 4,92,95,218

നീക്കിയിരിപ്പ് : 89,28,313

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | % |
|---|---|---|---|---|---|---|

| | ബാക്കി | (ട്രാൻസ്ഫർ ക്രെഡിറ്റ് ഉൾപ്പെടെ) | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2116389 | * 11019979 | 13136368 | 13136368 | - | |
| വികസനഫണ്ട് എസ്.സി.പി. | 822293 | 5716588 | 6538881 | 6538881 | - | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 506718 | 4208918 | 4715636 | 4715636 | - | |
| പെർഫോമൻസ് ഗ്രാന്റ് | 3536959 | 2391809 | 5928768 | 5928768 | - | |
| ബി ഫണ്ട് | 202440 | 34122725 | 34325165 | 34325165 | - | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 6427 | 1590573 | 1597000 | 1597000 | - | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 391609 | 3066845 | 3458454 | 3458454 | - | |
| ഇ-ഫണ്ട് | 1189933 | 1438523 | 2628456 | 1830839 | - | |
| എം.എൻ.ആർ.ഇ. ജി.എസ്. | 10276 | 26197090 | 26207366 | 26207261 | 105 | |
| തനതുഫണ്ട് & മറ്റുവരവുകൾ | 7854758 | 13939574 | 21794332 | 13663741 | 8130591 | |

* 472083/-രൂപ ചെലാൻ നമ്പർ 155/31.3.2016 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. (SSAയിൽ നിന്നും തിരികെ ലഭിച്ച തുക)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 50868397 | 103 | 35082295 | 22 | 05 | 79.23% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1212005 | 1230091 | 18086 | 1.4 |
| കെട്ടിട നികുതി | 2790058 | 1592180 | -1197878 | -42.93 |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 49750 | 69100 | 19350 | 39 |
| വാടക | 108825 | 186089 | 77264 | 71 |
| ഡി & ഒ ലൈസൻസ് | 52450 | 48500 | -3950 | -7.5 |
| മറ്റുവരവുകൾ | 504236 | 279902 | -224334 | -44.5 |
| ആകെ | 4717324 | 3405862 | -1311462 | -28 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 763560 | 500 |
| കർഷകതൊഴിലാളി പെൻഷൻ | 7420920 | 1013 |
| വിധവാപെൻഷൻ | 10043560 | 1025 |
| വാർദ്ധക്യകാലപെൻഷൻ | 11445120 | 1157 |
| വികലാംഗപെൻഷൻ | 3729045 | 363 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 243520 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 460000 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 22/11/2016 തീയതിയിൽ 11.30 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 6632.00രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രെഡേഴ്സ് ലിസ്റ്റ്,സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നീ രജിസ്റ്ററുകളിൽ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനും റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുമുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾ 1997, ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/10/2016 | 01-09-2016മുതൽ<br>30-09-20216 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-12-2013 | 2008-09 മുതൽ<br>2011-12 വരെ | 13-03-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണം-റഗുലറൈസേഷൻ -പെർമിറ്റ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്

സർക്കാർ ഉത്തരവ് നം 229813/RD2/15/ത.സ്വ.ഭ.വ, തിയതി.11.11.2015 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് റഗുലറൈസേഷൻ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് റഗുലറൈസേഷൻ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2),മേൽ ഉത്തരവ്

ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയി ട്ടുള്ളത്.മറുപടി തൃപ്തികരമല്ല, പ്രസ്തുത കെട്ടിടങ്ങൾക്ക് സർക്കാർ ഉത്തരവനുസരിച്ചുള്ള പെർമിറ്റ് ഫീസും ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.അല്ലാത്തപക്ഷം നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 മൊബൈൽഫോൺ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല –തനതുഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 09 മൊബൈൽഫോൺ ടവറുകളുണ്ടെങ്കിലും 2 എണ്ണത്തിൽ നിന്നു മാത്രമാണ് 2015-16കാലയളവിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടുള്ളത്.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02), ബാക്കിയുള്ള 07 ടവറുകൾക്ക് റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ടെന്നും, ഇനിയും കുടിശ്ശിക അടയ്ക്കാത്ത പക്ഷം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

യഥാസമയം വസ്തുനികുതി ഈടാക്കാത്തതിനാൽ തനത്ഫണ്ടിന് ഈ ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്.ആയതിനാൽ പ്രസ്തുത ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി/സ്ഥാപനനികുതി ഈടാക്കുന്നില്ല – വരവിൽ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 13 റേഷൻ കടകളിൽ നിന്നും സ്ഥാപനനികുതിയോ ജീവനക്കാരിൽ നിന്നും തൊഴിൽനികുതിയോ ഈടാക്കിയിട്ടില്ല. . മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പ്രസ്തുത നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി കൺവീനർ മുഖേനെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ -മാർഗ്ഗരേഖ പാലിച്ചിട്ടില്ല

2015-16ൽ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ പൊതുമരാമത്ത് ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണ ബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല, പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

(i)പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ പണമിടപാടുകൾ നടത്തുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ചില പ്രവൃത്തികളിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൗണ്ടിലൂടെ പണമിടപാടുകൾ നടത്തിയതായി കാണുന്നില്ല.

(ii)മസ്റ്റർ റോളുകളിൽ പ്രവൃത്തികളുടെയും തൊഴിലാളികളുടെയും വിവരങ്ങൾ പ്രവൃത്തിയുടെ പേര് വാർഡ് നം., പ്രവൃത്തി നടന്ന തീയതി, വേതനം തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ മസ്റ്റർ റോളുകളിൽ മേൽ പ്രസ്താവിച്ച വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

(iii)പ്രവൃത്തിയുമായി ബന്ധപ്പെട്ട വരവ്-ചെലവിനെ സംബന്ധിക്കുന്ന കണക്കുപുസ്തകം സൂക്ഷിക്കണമെന്നും, പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം ഗുണഭോക്തൃ സമിതി യോഗം വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കണമെന്നും വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല.

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ മാർഗ്ഗരേഖ

പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-2. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം- തുടർ പണികൾ നടത്തി ഉപയോഗ പ്രദമാക്കണം

പ്രോജക്ട്.122/16,ഗ്രാമഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

അടങ്കൽ :35,36,959/-

സാങ്കേതികാനുമതി നം. : 03/EE/LSGD/PDLA/15-16,15-07-2015

ഫണ്ടിനം : ലോകബാങ്ക്

കരാറുകാരന്റെ പേര് :ശ്രീ.ചന്ദ്രൻ (7.11 below)

നിർവ്വഹണം : ശ്രീമതി.രമ്യ.എം, അസിസ്റ്റന്റ് എൻജിനിയർ.

ലോകബാങ്ക് ധനസഹായം ഉയോഗിച്ച് 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുവാനു ദ്ദേശിച്ച പദ്ധതിയാണ് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം.22.3 മീ.നീളവും 9.85മീറ്റർ വീതിയും 4മീറ്റർ ഉയരത്തിലുമുള്ള ഹാൾ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് പ്രകാരം അംഗീകാരം നേടിയത്. കരാറുകാരൻ മുഖേന നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പൂർത്തീകരിച്ച് നാളിതുവരെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കാനായിട്ടില്ല. പ്രോജക്ടിന്റെ നിർവ്വഹണ സമയത്ത് RCC-ക്ക് ആവശ്യമായ Steel Quantity ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരു ന്നതിനെക്കാൾ കൂടുതലായതിനാൽ, ടൈൽ പാകൽ,പെയിന്റിംഗ് എന്നീ അവശ്യ ഇനങ്ങൾ ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ പ്രോജക്ട് നിർവ്വഹണം നടത്തിയി ട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ,

| | |
|---|---|
| RCC-ക്ക് ആവശ്യമായ ഒറിജിനൽ എസ്റ്റിമേറ്റിലെ കമ്പിയുടെ അളവ് | ഇനം.7: 8399kg |
| റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കമ്പിയുടെ അളവ് | 11305kg |
| അധികം വേണ്ടിവന്ന കമ്പിയുടെ അളവ് | 2906kg |
| ശതമാനം | 34% |

എസ്റ്റിമേറ്റിലെ കൃത്യതയില്ലായ്മ കാരണമാണ് ഒറിജിനൽ എസ്റ്റിമേറ്റിനെക്കാളും അധിക അളവിൽ ( 34%)കമ്പി ആവശ്യമായി വന്നത്.

പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു,

(i) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്നതരത്തിൽ കമ്മ്യൂണിറ്റി ഹാളുമായി ബന്ധപ്പെട്ട അനു ബന്ധ സൗകര്യങ്ങൾ ഉൾപ്പടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്.

(ii) പ്രസ്തുത കെട്ടിടത്തിന്റെ Plastering-നിലവാരം കുറഞ്ഞരീതിയിലാണ് നിർവ്വഹിച്ചിരിക്കുന്നത്.

(iii) കെട്ടിടത്തിന്റെ Ground floor-ന് മുകളിൽ മറ്റെന്തെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ ഉടനടി നിർവ്വഹിക്കുവാൻ സാധ്യതയില്ലാത്തതിനാൽ ,ചോർച്ചയും ബലക്ഷയവും ഒഴിവാക്കുന്നതിന് Roofing-ന്റെ മുകൾഭാഗം Plastering ചെയ്യുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പടുത്തേണ്ടതായിരുന്നു.

ദീർഘവീക്ഷണമില്ലാതെയും,കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകാത്ത തരത്തിലുമാണ് നിലവിൽ പ്രോജക്ട് നിർവ്വഹണം നടത്തിയി ട്ടുള്ളത്.

ഗ്രാമപഞ്ചായത്തിനും പൊതുജനങ്ങൾക്കും ഒരുപോലെ ഗുണകരമാകേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പുലർത്തേണ്ട സൂക്ഷ്മത ഈ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും

ഉണ്ടായിട്ടില്ല. അനുബന്ധ സൗകര്യങ്ങളൊരുക്കിയും, നിർവ്വഹിക്കപ്പെടുന്ന പണികളുടെ ഗുണനിലവാരം ഉറപ്പാക്കിയും പൊതുജനങ്ങൾക്ക് പ്രയോജനമാകുന്ന തരത്തിൽ തുടർപണികൾ നടത്തി പദ്ധതി പൂർത്തിയാക്കേണ്ടതും ,കെട്ടിടം നിഷ്ക്രിയ ആസ്തിയായി പരിണമിക്കാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3. ആശ്രയ പദ്ധതി -ലക്ഷ്യം കൈവരിച്ചിട്ടില്ല.

ആശ്രയ പദ്ധതിക്കായി തയ്യാറാക്കിയ ആദ്യ പ്രോജക്ടിൽ 91 ഗുണഭോക്താക്കളാണുള്ളത്. പദ്ധതിക്കായി രണ്ടാം ഘട്ട പ്രോജക്ട് തയ്യാറാക്കുകയോ പദ്ധതി റിവൈസ് ചെയ്യുകയോ ചെയ്തിട്ടില്ല. തയ്യാറാക്കിയ പദ്ധതി പ്രകാരം ഭക്ഷ്യ വസ്തുക്കൾക്ക പുറമേ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആവശ്യം | ആവശ്യപ്പെട്ടവരുടെ എണ്ണം | ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് വയ്ക്കാൻ സ്ഥലം | 13 | 08 |
| വീട് | 32 | 08 |
| വീട് റിപ്പയർ | 21 | 11 |
| കക്കൂസ് | 15 | 0 |
| കുടിവെള്ളം | 41 | 12 |
| വൈദ്യുതി | 03 | 0 |

ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നതിൽ പ്രത്യേക പരിഗണന നൽകേണ്ടതും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഉണർവ്- പദ്ധതി നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിൽവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | S0080/16 |
| ബിൽ നമ്പർ /ചെലവ് | 1) 7/15-6 24000/-<br>2) 5/2015 39000/- |

പഞ്ചായത്തിലെ 16 വാർഡുകളിലും സർവ്വേ നടത്തി മാനസികാരോഗ്യപ്രശ്നങ്ങളുള്ള രോഗികളെ കണ്ടെത്തി അവർക്ക് പി.എച്ച്.സി.തലത്തിൽ സൗജന്യചികിത്സ ലഭിക്കാനുദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പ്രോജക്ട് വാർഡ്

മെമ്പർമാർ, ആശാ വർക്കർമാർ എന്നിവരുൾപ്പെടെയുള്ള 80 പേർക്ക് പരിശീലനം നൽകുകയും ടിയാളുകൾ സർവ്വേ നടത്തി മുൻസർവ്വേയിൽ ചികിത്സയ്ക്കെത്താത്ത മുഴുവൻ രോഗികളെയും കണ്ടെത്തി ക്ലിനിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം.

എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ മരുന്നുകൾ വാങ്ങുകയും ക്യാമ്പുകൾ നടത്തുകയും മാത്രമാണ് നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ചികിത്സ ലഭിച്ചിട്ടില്ലാത്ത രോഗികളെ കണ്ടെത്താനുള്ള യാതൊരുവിധ ശ്രമങ്ങളും നടന്നിട്ടില്ല. ആകയാൽ പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം പാളിച്ചകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 21200127/ 14.11.2012 | 271050/- | - | 271050/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | തൻവർഷം എടുത്ത തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ് | 831/2010/ | 14889000 | 5661103 | 2025551 | | | 3635552 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഭവന പദ്ധതി | ത.സ്വ.ഭ.വ 11/03/2010 | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തിയതിയും |
|---|---|---|---|---|
| 2006/07 | 3-5 | 7364 | ശ്രീ.എം.വിജയൻ, കാലായിൽ പുത്തൻവീട്,ധനുവച്ചപുരം | 90226100066/12.10.15 |
| 2006/07 | 3-5 | 7364 | ശ്രീ.അരവിന്ദകുമാർ, പരമേശ്വര മന്ദിരം,മലയിൽക്കട | 90226100068/12.10.15 |
| 2006/07 | 3-5 | 7364 | ശ്രീ.അപ്പു.ജെ,എ.പി കോട്ടേജ്,മേക്കൊല്ല | 11503101678/12.10.15 |
| 2006/07 | 3-5 | 7364 | ശ്രീമതി.സുരജദേവി, കുറ്റിമാവടി പുത്തൻവീട്,ധനുവച്ചുരം | 11503101665/09.10.15 |
| 2006/07 | 3-5 | 7364 | ശ്രു.മോഹൻകുമാർ, കോയിക്കൽവിളാകം, ദേവേശ്വരം അഇല്ലമരവിള | 11503101617/07.10.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്- വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2004-05 | 3-4 | 2007-08 | 3.2.1 | ഭക്ഷ്യധാന്യം കൈപ്പറ്റി ഏറെ നാൾ കഴിഞ്ഞിട്ടും കരിപ്പകാല കുടിവെള്ള പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടില്ല | കൺവീനറായശ്രീ.ഫെല്ലിവെൽ സിന്റെ പക്കൽ നിന്നും തഹസിൽദാരുടെ.എ1136/5/കെ.ജി.പി.ഡി 6/64107 നം.റവന്യൂ റിക്കവറി നടപടി പ്രകാരം 24,362/- ഈടാക്കിയിട്ടുണ്ട്. (രസീത് നം.115034000028/30.03.16) |

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,82,23,531 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,92,95,218 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| |
|---|
| ഇല്ല |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉദ്യോഗസ്ഥരുടെ പേര്,തസ്തിക | സ്ഥിര മേൽവിലാസം |
|---|---|
| ഇല്ല | |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ<br><br>എണ്ണം |
|---|---|---|
| 2000-2001 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/898/02/,തീയതി 11.06.2014 | 3 |
| 2002-03 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1684/04/തീയതി 11.06.20144 | 2 |
| 2003-04 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1011/02/തീയതി 11.06.2014 | 5 |
| 2004-05 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1192/07/തീയതി 11.06.2014 | 6 |
| 2005-06 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1198/07/തീയതി 11.06.2014 | 4 |
| 2006-07 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/2640/13/തീയതി 09.01.2014 | - |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി2/436/16 | - |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി2/1759/15/തീയതി 13.05.2016 | - |
| 2009-10 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/1395/11 | - |
| 2010-11 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/922/13 | - |
| 2011-12 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/922/13 | - |
| 2012-13 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/835/14 | - |
| 2013-14 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/384/15/തീയതി 26.08.2015 | - |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി2/839/16/തീയതി 03.06.2016 | - |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഭാഗം 3-ലെ പരാമർശങ്ങളൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ നമ്പർ 319/2003 ധന/തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകൾ

1. സ്റ്റോക്ക് രജിസ്റ്റർ value bared ആയിട്ടല്ല എഴുതി സൂക്ഷിക്കുന്നത്.
2. ബാലൻസ് ഷീറ്റിൽ എല്ലാ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി കാണിച്ചിട്ടില്ല

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്